**വനിതാ ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**
(ഹാജർ : അനുപമ.റ്റി.വി. IAS)

**വിഷയം:** വനിത ശിശു വികസന വകുപ്പ് - സ്ത്രീധന നിരോധന ദിനം- ദിനാചരണ പരിപാടി നടത്തുന്നതിന് തുക അനുവദിച്ച് ഉത്തരവാകുന്നു.

**പരാമർശം:** സ ഉ (സാധാ) നം. 55/2021/WCDD തീയതി 7/10/2021 വനിതാ ശിശുവികസന (ബി) വകുപ്പ്.

---

**ഉത്തരവ് നം. WEC 1-18395/2021** **തീയതി:22/11/2021-**

---

സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളും ലിംഗ വിവേചനവും അവസാനിപ്പിക്കുന്നതിനായി` **Orange the World` Campaign** ന്റെ ഭാഗമായി നവംബർ 25 (INTERNATIONAL DAY FOR THE ELIMINATION OF VIOLENCE AGAINST WOMEN) മുതൽ ഡിസംബർ 10 (HUMAN RIGHTS DAY ) വരെ നീണ്ടു നിൽക്കുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് വകുപ്പ് തീരുമാനിച്ചിട്ടുണ്ട്.

ജീവിത പങ്കാളിയിൽ നിന്നുള്ള പീഡനം, ശാരിരിക -മാനസിക- ലൈംഗിക അതിക്രമങ്ങൾ, മനുഷ്യക്കടത്തു, പെൺഭ്രൂണഹത്യ തുടങ്ങി സ്ത്രീകൾക്കെതിരെയുണ്ടാകുന്ന എല്ലാ അതിക്രമങ്ങളും ദൂരവ്യാപകവും തുടർച്ചയായിട്ടുള്ളതും കടുത്ത മനുഷ്യാവകാശലംഘനവുമാണ് . സ്ത്രീകൾക്കെതിരെയുണ്ടാകുന്ന അതിക്രമങ്ങൾ എല്ലാം തന്നെ ലിംഗാധിഷ്ഠിത അതിക്രമങ്ങളാണ്. സ്ത്രീയുടെ സ്വാതന്ത്ര്യത്തെയും അവകാശത്തെയും ഇല്ലാതാക്കുന്ന ഇത്തരം അതിക്രമങ്ങൾ സ്വകാര്യ ജീവിതത്തെയും പൊതു ജീവിതത്തെയും ബാധിക്കുന്നത് മൂലം അവരുടെ ഉന്നത വിദ്യാഭ്യാസവും തൊഴിലവസരവും പരിമിതപ്പെടുന്നു . ഇത്തരം അതിക്രമങ്ങൾക്കു കൂടുതലായും വിധേയരാകുന്നത് സമൂഹത്തിലെ ദുർബല വിഭാഗങ്ങളായ HIV ബാധിതരായ സ്ത്രീകൾ, പെൺകുട്ടികൾ ,പ്രവാസികൾ, അഭയാർത്ഥികൾ, ട്രാൻസ്ജൻഡേഴ്സ്, ന്യൂനപക്ഷ വിഭാഗക്കാർ എന്നിവരാണ് .

പരിഷ്കൃതരും വിദ്യാസമ്പന്നരെന്നും അഭിമാനിക്കുന്ന കേരള സമൂഹത്തിലും സ്ത്രീകൾ വിവിധതരം അതിക്രമങ്ങൾക്ക് വിധേയരാകുന്നത് ഒരു തരത്തിലും ന്യായികരിക്കാൻ കഴിയുന്നതല്ല.പരിഷ്കൃത സമൂഹത്തിനു തന്നെ അപമാനകരമായ ഇത്തരം പ്രവർത്തികൾ പൂർണമായും തുടച്ചു മാറ്റേണ്ടത് നമ്മൾ ഓരോരുത്തരുടെയും കടമയും ധർമവുമാണ്.

സമൂഹത്തിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിക്കുന്നതിന് ഒരു പ്രധാന കാരണം പരിഷ്കൃത സമൂഹത്തിന് തന്നെ അപമാനകരമായ സ്ത്രീധനമെന്ന അനാചാരമാണ്. സ്ത്രീകൾക്ക് നേരെ സമീപ കാലങ്ങളിൽ വർദ്ധിച്ച് വരുന്ന അതിക്രമങ്ങളെ തുടർന്നുണ്ടാകുന്ന മരണങ്ങൾ സ്ത്രീധനമെന്ന അനാചാരത്തെ സമൂഹത്തിൽ നിന്ന് പൂർണ്ണമായും തുടച്ചുമാറ്റപ്പെടേണ്ട ആവശ്യകത ചൂണ്ടിക്കാട്ടുന്നു. സ്ത്രീധനമെന്ന ദുരാചാരത്തെക്കുറിച്ചും ലിംഗവിവേചനത്തെക്കുറിച്ചും വ്യാപക ബോധവൽക്കരണ പരിപാടികൾ ജനങ്ങൾക്കിടയിൽ സംഘടിപ്പിക്കേണ്ടതായിട്ടുണ്ട്.

അതിക്രമത്തിന് ഇരയാകുന്ന ആരും തന്നെ ഉണ്ടാകാൻ പാടില്ല എന്നുള്ള സുസ്ഥിര വികസന ലക്ഷ്യത്തിലേക്ക് എത്തിച്ചേരുന്നതിന് മതമേലധ്യക്ഷന്മാർ, റസിഡന്റ്സ് അസോസിയേഷൻ പ്രതിനിധികൾ ,വിവിധ യൂണിയൻ നേതാക്കൾ , കോളേജ് വിദ്യാർത്ഥികൾ, സാമൂഹ്യപ്രവർത്തകർ, വിവിധ വകുപ്പ് മേധാവികൾ ,തുടങ്ങിയവരെ ഉൾപ്പെടുത്തി കൊണ്ടുള്ള പരിപാടികളും ഹാഷ് ടാഗ് ക്യാമ്പയിനുകളും സംഘടിപ്പിക്കേണ്ടതുണ്ട് .

ആയതിന്റെ ഭാഗമായി സ്ത്രീകൾക്കെതിരെ നടക്കുന്ന എല്ലാ തരത്തിലുമുള്ള അതിക്രമങ്ങളും ലിംഗ വിവേചനം അവസാനിപ്പിക്കുന്നതിന് വേണ്ടി 2021 നവംബർ 25 മുതൽ ഡിസംബർ 10 വരെ നീണ്ടുനിൽക്കുന്ന പരിപാടികൾ ജനപ്രതിനിധികൾ മതമേലധ്യക്ഷന്മാർ, റസിഡന്റ്സ് അസോസിയേഷൻ പ്രതിനിധികൾ ,വിവിധ യൂണിയൻ നേതാക്കൾ , കോളേജ് വിദ്യാർത്ഥികൾ, സാമൂഹ്യപ്രവർത്തകർ, വിവിധ വകുപ്പ് മേധാവികൾ ,തുടങ്ങിയവരെ പങ്കെടുപ്പിച്ച് കൊണ്ട് 14 ജില്ലകളിലും സംഘടിപ്പിക്കേണ്ടതാണ്.

ജില്ലാതല പരിപാടികൾക്ക് സംഘടിപ്പിക്കുന്നതിലേയ്ക്കായി ഒരു ജില്ലക്ക് 35000/- രൂപ ക്രമത്തിൽ 14 ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്ക് 490000/- രൂപ (നാല് ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

## Hash Tag Campaign

| തീയതി | വിഷയം | നടപടി |
|---|---|---|
| 25/11/2021 മുതൽ 27/11/2021 വരെ | സ്ത്രീധന നിരോധനം | അങ്കണവാടി പ്രവർത്തകർ മുഖേന കൗമാരപ്രായക്കാരായ പെൺകുട്ടികൾ /രക്ഷിതാക്കൾ/പൊതുജനങ്ങൾ എന്നിവർക്കിടയിൽ ഹാഷ് ടാഗ് Campaign നടത്തേണ്ടതാണ് . |
| 29/11/2021 മുതൽ 02/12/2021 വരെ | ഗാർഹിക പീഡന നിരോധനം | സ്കൂൾ കൗൺസിലർമാർ മുഖേന സ്കൂൾ വിദ്യാർത്ഥികൾകൾക്കിടയിൽ ഹാഷ് ടാഗ് Campaign നടത്തേണ്ടതാണ് .<br>MSK മുഖേനകോളേജ് വിദ്യാർത്ഥികൾ, കോളേജ് യൂണിയൻ ,NCC,NSS എന്നിവർക്കിടയിൽ ഹാഷ് ടാഗ് Campaign നടത്തേണ്ടതാണ് . |
| 03/12/2021 മുതൽ 06/12/2021 വരെ | ശൈശവ വിവാഹം തടയൽ | DWCDO,WPO,PO,DCPO എന്നിവർ മുഖേന പൊതുജനങ്ങൾ ,വിവിധ വകുപ്പ് ജീവനക്കാർ ,സ്ഥാപന മേധാവികൾ എന്നിവർക്കിടയിൽ ഹാഷ് ടാഗ് Campaign നടത്തേണ്ടതാണ്. |
| 07/12/2021 മുതൽ 10/12/2021 വരെ വരെ | പൊതുയിടം എന്റേതും | |

**2021 നവംബർ 25 മുതൽ ഡിസംബർ 10 വരെ സംഘടിപ്പിക്കേണ്ട പരിപാടികൾ**

| ക്രമ നം | തീയതി | വിഷയം |
|---|---|---|
| 1 | 25/11/2021 | Elimination of All Kinds of Violence against Women– 'Orange the World' –' End the Violence against Women Now' campaignന്റെ ഭാഗമായി ജനപ്രതിനിധികൾ / |

| | | |
|---|---|---|
| | | ജില്ലാ കളക്ടർമാരെ പങ്കെടുപ്പിച്ച് കൊണ്ടും covid പ്രോട്ടോകോൾ പാലിച്ചുകൊണ്ടും പോലീസ് അധികൃതരുടെ അനുമതിയോടും കൂടി സൈക്കിൾ റാലി സംഘടിപ്പിക്കേണ്ടതാണ്. (100 പേർ )<br>ലഘു ഭക്ഷണം 100*25=2500/-<br>ബാനർ 500/-<br>മൈക്ക് /പ്രൊജക്ടർ 3500/-<br>മറ്റ് ചെലവുകൾ 500/-<br>**ആകെ 7000/-** |
| 2 | 26.11.2021 | **ഗാർഹികപീഡന-സ്ത്രീധനനിരോധനദിനാചരണം**<br>മതമേലധ്യക്ഷൻമാർ,റസിഡന്റ്സ് അസോസിയേഷൻ പ്രതിനിധികൾ, എന്നിവരിൽ നിന്നും 100 പേരെ ഉൾപ്പെടുത്തി ശൈശവ വിവാഹം, സ്ത്രീധന സമ്പ്രദായം ,ഗാർഹിക പീഡനം, സ്ത്രീകൾ നേരിടുന്ന മറ്റ് അതിക്രമങ്ങൾ മൂലമുണ്ടാകുന്ന സാമൂഹിക മാനസിക പ്രത്യാഘാതങ്ങൾ , നീതിനിഷേധം, അവകാശ ലംഘനം എന്നീ വിഷയങ്ങളിൽ ബോധവത്കരണക്ലാസ് സംഘടിപ്പിക്കേണ്ടതാണ്.<br>ഉച്ച ഭക്ഷണം -100*150=15000/<br>ബാനർ 500/-<br>മൈക്ക്/പ്രൊജക്ടർ 3500/-<br>മറ്റ് ചെലവുകൾ 750/-<br>**ആകെ 19750/-** |
| 3 | 27/11/2021 | DLSA യുമായി സഹകരിച്ച് അഭിഭാഷകർ,പോലീസ് ഉദ്യോഗസ്ഥർ എന്നിവരെ ഉൾപെടുത്തി PWDV Act പ്രകാരം WPO,SPC മുഖേന നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ Case pendency,Delay in enquiry ,improper Enquiry എന്നി വിഷയങ്ങളിൽ ചർച്ച സംഘടിപ്പിക്കേണ്ടതാണ്.<br>ലഘു ഭക്ഷണം -50*25=1250/ |

| | | |
|---|---|---|
| 4 | 02/12/2021 | FM Radio Campaign<br>വകുപ്പ് നടപ്പിലാക്കുന്ന വിവിധ സ്കീമുകൾ /പദ്ധതികൾ എന്നിവ എഫ് . എം റേഡിയോ ,പത്ര ദൃശ്യ ശ്രവ്യ സാമൂഹ്യ മാധ്യമങ്ങൾ വഴി വ്യാപക പ്രചരണം നൽകേണ്ടതാണ്. |
| 5 | 04/12/2021 | **ചുവർ ചിത്ര മത്സരം**<br><br>സ്കൂൾ /കോളേജ്/പ്രൊഫഷണൽ കോളേജ് വിദ്യാർഥികളെ പങ്കെടുപ്പിച്ച് കൊണ്ട് ഗാർഹിക പീഡന -സ്ത്രീധന നിരോധനം എന്ന വിഷയത്തെ ആസ്പദമാക്കി ചുവർ ചിത്രം മത്സരം സംഘടിപ്പിക്കേണ്ടതും ഏറ്റവും മികച്ച ചുവർ ചിത്രം തയ്യാറാക്കിയ മൂന്ന് പേർക്ക് ഒന്നും രണ്ടും ,മൂന്നും സമ്മാനം നൽകേണ്ടതുമാണ് .<br>ഒന്നാം സമ്മാനം - 1000/-<br>രണ്ടാം സമ്മാനം - 750/-<br>മൂന്നാം സമ്മാനം - 250/-<br>മറ്റ്ചെലവുകൾ - 4000/-<br>(പെയിന്റ്/ബ്രഷ് )<br>**ആകെ -6000/-** |
| 6 | 07/12/2021 | ബ്ലോക്ക് തലത്തിൽ സിഡിപിഓ മാരുടെ നേതൃത്വത്തിൽ എല്ലാ സൂപ്പർവൈസർമാരും അതാത് പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സന്ദർശനം നടത്തേണ്ടതും POSH ACT പ്രകാരം രൂപീകരിക്കേണ്ട IC രൂപീകരിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതുമാണ് . IC രൂപീകരിക്കാത്ത അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് സി ഡി പി മാർ മുഖേന ജില്ലാ വനിതാ ശിശു വികസന ഓഫീസർക്ക് നൽകേണ്ടതുമാണ് ഡിസംബർ 10 ന് മുൻപ് എല്ലാ അസംഘടിത മേഖലയിലും IC രൂപീകരിച്ചിട്ടുണ്ടെന്ന് സൂപ്പർവൈസർമാർ ഉറപ്പ് വരുത്തേണ്ടതും അന്തിമ റിപ്പോർട്ട് സി ഡി പി ഓ മുഖേന ജില്ലാ വനിതാ ശിശു വികസന ഓഫീസർക്ക് സമർപ്പിക്കേണ്ടതുമാണ്. |
| 7 | 09/12/2021 | **ജില്ലാതല മോണിറ്ററിങ് കമ്മിറ്റി**<br>ഗാർഹികാതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം പ്രകാരം പുനഃസംഘടിപ്പിച്ച ജില്ലാതല മോണിറ്ററിങ് കമ്മിറ്റി കൂടേണ്ടതും ജില്ലാതലത്തിൽ സ്ത്രീകൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ വിലയിരുത്തേണ്ടതും അതിക്രമങ്ങൾ തടയുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. മിനിട്സിന്റെ പകർപ്പ് 15/12/2021 ന് മുൻപ് സമർപ്പിക്കേണ്ടതാണ്. |
| 8 | 10/12/2021 | **നൈറ്റ് വാക്**<br>ജില്ലാ തലത്തിൽ ജില്ല വനിതാ ശിശു വികസന ഓഫീസറുടെ നേതൃത്വത്തിലുംപഞ്ചായത്ത് തലത്തിൽ |

| | | |
|---|---|---|
| | | സൂപ്പർവൈസർമാരുടെ നേതൃത്വത്തിലും സന്നദ്ധ പ്രവർത്തകർ ,ജനപ്രതിനിധികൾ ,സാമൂഹ്യ പ്രവർത്തകർ ,റസിഡന്റ് അസോസിയേഷൻ,സ്ത്രീ സംഘടനകൾ ,NSS,NCC വോളന്റിയേഴ്സ് ,കോളേജ് വിദ്യാർത്ഥികൾ എന്നിവരുമായി യോജിച്ച് മാർച്ച് 8 വരെ നൈറ്റ് വാക് വിവിധ പ്രദേശങ്ങളിൽ സംഘടിപ്പിക്കേണ്ടതാണ്. |
| 9 | | **ഡോക്യുമെന്റേഷൻ ചാർജ്-1000/-** |

ജില്ലാ വനിതാ ശിശുവികസന ഓഫീസർമാരുടെ നേതൃത്വത്തിൽ ദിനാചരണം സംഘടിപ്പിക്കേണ്ടതും ജില്ലാ വനിതാ ശിശു വികസന ഓഫീസർ ആവശ്യപ്പെടുന്ന മുറയ്ക്ക് DCPO,WPO,PO,CDPOമാർ ആവശ്യമായ പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്

ജില്ലാതലത്തിൽ സംഘടിപ്പിക്കുന്ന പരിപാടികൾക്ക് പത്ര- ദൃശ്യ ശ്രാവ്യ സാമൂഹ്യ മാധ്യമങ്ങൾ വഴി വ്യാപക പ്രചരണം നൽകേണ്ടതുമാണ് .

പരിപാടിയുടെ നടത്തിപ്പിലേയ്ക്കായി അനുവദിച്ചിരിക്കുന്ന തുകയിൽ അധികരിക്കാത്ത വിധം വിവിധ ആവശ്യങ്ങൾക്കായി തുക ക്രമീകരിക്കാവുന്നതാണ്. ജില്ലാതല പരിപാടികൾ സംഘടിപ്പിക്കുന്നതിനായി അനുവദിക്കുന്ന തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു .

| ക്രമ നം | ജില്ല | തുക |
|---|---|---|
| 1 | തിരുവനന്തപുരം | 35000/- |
| 2 | കൊല്ലം | 35000/- |
| 3 | പത്തനംതിട്ട | 35000/- |
| 4 | ആലപ്പുഴ | 35000/- |
| 5 | കോട്ടയം | 35000/- |
| 6 | ഇടുക്കി | 35000/- |
| 7 | എറണാകുളം | 35000/- |
| 8 | തൃശ്ശൂർ | 35000/- |
| 9 | പാലക്കാട് | 35000/- |
| 10 | മലപ്പുറം | 35000/- |
| 11 | കോഴിക്കോട് | 35000/- |
| 12 | വയനാട് | 35000/- |
| 13 | കണ്ണൂർ | 35000/- |
| 14 | കാസറഗോഡ് | 35000/- |
| | **ആകെ** | **4,90,000/- ( നാല് ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം** |

ഇതിലേക്കാവശ്യമായ 490000/- രൂപ (നാല് ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തിലെ 2235-02-103-59(P) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കേണ്ടതാണ്. ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചതിന് ശേഷം ഡോക്യുമെന്റേഷൻ റിപ്പോർട്ടും ചെലവ് വിവര പട്ടികയും ധനവിനിയോഗ സാക്ഷ്യപത്രം ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

**വനിതാ ശിശു വികസന ഡയറക്ടർ**

എല്ലാ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്കും

പകർപ്പ് :

1. എല്ലാ വനിതാ സംരക്ഷണ ഓഫീസർമാർക്കും
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3. എല്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും
4. എല്ലാ ശിശു ശിശുവികസന ഓഫീസർമാർക്കും
5. എല്ലാ സൂപ്പർവൈസർമാർക്കും(സി ഡി പി ഒ മുഖേന)
6. സൂപ്രണ്ട്. അക്കൗണ്ട്സ് സെക്ഷൻ(അലോട്ട്മെന്റ് അനുവദിക്കുന്നതിലേക്കായി)
7. സ്റ്റോക്ക് ഫയൽ / സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്